# സ്വാതന്ത്ര്യത്തിന്റെ വയലുകൾ പൊലീസിന് മേയാനുള്ളതല്ല

**ഡോ. സെബാസ്റ്റ്യൻ പോൾ**

**ഇന്ത്യയിൽ** അടിയന്തരാവസ്ഥ ആസന്നമായിരിക്കുന്നുവെന്ന് പ്രസ് കൗൺസിൽ ചെയർമാൻ ആയിരുന്ന മാർകണ്ഡേയ കട്ജു മുന്നറിയിപ്പ് നൽകുന്നു. മാധ്യമങ്ങളെ നിഷ്ക്രിയമാക്കുന്ന സ്ക്രൂ മുറുകിക്കൊണ്ടിരിക്കുന്നു എന്നാണ് കട്ജു പറഞ്ഞത്. ദേശീയതലത്തിൽ കട്ജു കാണുതിനേക്കാൾ വേഗതയിൽ കേരളത്തിൽ അടിയന്തരാവസ്ഥയുടെ പൊഴിഞ്ഞ പടങ്ങൾക്ക് ജീവൻ വയ്ക്കുന്നുണ്ട്. നാണം കെട്ടകഥകൾ നിരന്തരം ചർച്ചാവിഷയമാക്കുന്ന മാധ്യമങ്ങൾ ആകാശത്ത് ഉരുണ്ടുകൂടുന്ന അഗ്നിയും ഗന്ധകവും കാണുന്നില്ല. ഏതു നിമിഷവും അവ തങ്ങളുടെ മേൽ നിപതിക്കുമെന്ന യാഥാർത്ഥ്യം അറിയുന്നില്ല. കേരളീയത്തിൽനിന്ന് തുടങ്ങി മറുനാടൻ മലയാളിയിലും ഇ-വാർത്തയിലും എത്തിനിൽക്കുന്ന പൊലീസ് നടപടികൾ ആരിലും ഭീതി ഉളവാക്കുന്നില്ല എതുതന്നെ ആസന്നമായിക്കൊണ്ടിരിക്കുന്ന അപകടത്തിന്റെ സുവ്യക്തമായ സൂചനയാണ്. നാം എയ്ഫൽ ടവറുകൾ നിർമിക്കുന്നില്ല. പക്ഷേ ഷാർലി എബ്ദോകൾ നമ്മുടെ പരിസരങ്ങളിൽ രൂപപ്പെട്ടുവരുന്നു.

പതിനേഴ് വർഷമായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന മാസികയാണ് കേരളീയം. തൃശൂരിലെ അവരുടെ ഓഫീസിൽ അർദ്ധരാത്രി സായുധപൊലീസ് ഇരച്ചുകയറി റെയ്ഡ് നടത്തി. മാസികയുടെ ലക്കങ്ങൾ പിടിച്ചെടുത്തു. പരസ്യമായി വിൽക്കപ്പെടുന്ന പ്രസിദ്ധീകരണം രഹസ്യമായി പിടിച്ചെടുക്കുന്നതെന്തിനാണ്? മര്യാദയുണ്ടെങ്കിൽ 25 രൂപ പൊലീസ് മുടക്കണമായിരുന്നു. ആവശ്യപ്പെട്ടാൽ സൗജന്യമായും കിട്ടും. എനിക്ക് കിട്ടിയ ലക്കത്തിൽ കവർ സ്റ്റാറി ആദിവാസികളെക്കുറിച്ചുള്ളതായിരുന്നു. ആദിവാസികളുടെ സ്വയംഭരണത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുംസംസാരിച്ചാൽ ഭരണകൂടം പ്രതികരിക്കുന്നത് ഇങ്ങനെയാണോ? പരസ്യമില്ലാതെയുള്ള 68 പേജുകൾ ഞാൻ പരിശോധിച്ചു. അനാശാസ്യമോ നിയമവിരുദ്ധമോ ആയ ഒന്നും കണ്ടില്ല. കൊച്ചിയിലുണ്ടൊരു മേയർ-ടോണി ചമ്മണി. കാലപ്പഴക്കത്തിൽ ഏത് ചിമ്മിനിയിലും കരി പിടിക്കും. ഈ അവസ്ഥയിലാണ് ടോണി. അദ്ദേഹത്തിന്റെ വീടിനെക്കുറിച്ചും വിദേശയാത്രയെക്കുറിച്ചും അദേഹം ഇഷ്ടപ്പെടാത്തത് എഴുതിയതിന് രണ്ട് ഓൺലൈൻ മാധ്യമപ്രവർത്തകർ അറസ്റ്റിലായി. മറുനാടൻ മലയാളിയുടെ എം.ഡി ഷാജൻ സ്കറിയയും  ഇ-വാർത്തയുടെ എം.ഡി അൽ അമീനുമാണ് അറസ്റ്റിലായത്. അൽ അമീൻ എന്ന പേര് കൂടുതൽ സാധ്യതകൾ ഉൾക്കൊള്ളുന്നതാണ്. ഈ സ്ഥാപനങ്ങളുടെ തിരുവനന്തപുരത്തെ ഓഫീസുകൾ റെയ്ഡ് ചെയ്ത് വാർത്തകൾക്കാധാരമായ നിരവധി രേഖകൾ പിടിച്ചെടുത്തുവെന്നാണ് പൊലീസ് പറയുന്നത്. വാർത്തയ്ക്കാധാരമാകുന്ന വിവരങ്ങളുടെ ഉറവിടം രഹസ്യമായി സൂക്ഷിക്കുന്നതിനുള്ള അവകാശത്തിനുവേണ്ടി ലോകമെങ്ങും ധീരരായ മാധ്യമപ്രവർത്തകർ കോടതിയെ ധിക്കരിച്ച് ജയിലിൽ പോകാൻ തയ്യാറാകുമ്പോൾ ഇവിടെ ആർക്കും ഒന്നും തോന്നുന്നില്ലേ? പാർട്ടിയെക്കുറിച്ചു വരുന്ന മാധ്യമവാർത്തകൾ പലതും ശരിയല്ലെന്ന് പിണറായി വിജയനോ ജി. സുധാകരനോ പറഞ്ഞാൽ മാധ്യമ സ്വാതന്ത്ര്യത്തിന്റെ പേരിൽ അവർക്കെതിരെ കയർക്കാനുള്ള ധൈര്യം മാത്രമാണ് കേരളത്തിലെ മാധ്യമ ഭീരുക്കൾക്കുള്ളത്. മന്ത്രി കുഞ്ഞാലിക്കുട്ടിയെ ഫെയ്സ്ബുക്കിൽ പരിഹസിച്ച തിരൂരങ്ങാടിയിലെ ചെറുപ്പക്കാരനും അറസ്റ്റിലായി. പി.കെയിലെ അമീർ ഖാന്റെ നഗ്നചിത്രം കുഞ്ഞാലിക്കുട്ടിയുടെ ചിത്രമായി മാറ്റിയെന്നാണ് കേസ്. ആ ചിത്രം കേരളത്തിലെ പല കാർട്ടൂണിസ്റ്റുകളും പല വിധത്തിൽ പ്രയോജനപ്പെടുത്തുകയുണ്ടായി. മുഖ്യമന്ത്രിയെ പി.കെ ആയി രൂപാന്തരപ്പെടുത്തി. പൈതൃകമാധ്യമങ്ങൾക്ക് ലഭ്യമായ സ്വാതന്ത്ര്യം നവമാധ്യമങ്ങൾക്ക് നിഷേധിക്കരുത്. ഭൂമിയിലെ നിയന്ത്രണങ്ങൾ ആകാശങ്ങൾക്കു ബാധകമാവില്ലെന്ന് നമ്മൾ കരുതി. പക്ഷേ ആകാശങ്ങൾ നിയന്ത്രിതവും സങ്കുചിതവുമാകുന്നു.

പത്രാധിപരെ അറിയിച്ചുകൊണ്ട് റെയ്ഡ് നടത്താനാവില്ലെന്ന് ഔദ്ധത്യത്തോടെ ആ

ഭ്യന്തരമന്ത്രി പറഞ്ഞു. അടിയന്തരാവസ്ഥയുടെ രാത്രി അവസാനിച്ച കാര്യം ചെന്നിത്തല അറിഞ്ഞില്ലെന്നുണ്ടോ? സ്വാതന്ത്ര്യത്തിന്റെ വെളിച്ചം ചെന്നിത്തലയിൽ എത്തിയിട്ടില്ല. കേരളീയത്തിലെ റെയ്ഡിനുശേഷം എന്തു സംഭവിച്ചുവെന്ന കാര്യംകൂടി സമൂഹത്തെ അറിയിക്കുന്നതിനുള്ള ബാധ്യത റെയ്ഡിനെ ന്യായീകരിച്ച മന്ത്രിക്കുണ്ട്. ഐ.ടി നിയമത്തിലെ അറുപത്തിയാറാം വകുപ്പ് വലിയ മാരണമായിത്തീർന്നിരിക്കുന്നു. മജിസ്ട്രേറ്റുമാരുടെ നിർവികാരമായ ഒത്താശയോടെ പൊലീസുകാർക്ക് എവിടെയും കയറി മേയാമെന്ന അവസ്ഥയാണ് ഉണ്ടായിരിക്കുന്നത്. സ്വാതന്ത്ര്യം നേരിടുന്ന വലിയ വെല്ലുവിളിയാണിത്. റെജീനയുടെ വെളിപ്പെടുത്തൽ സംപ്രേഷണം ചെയ്യപ്പെട്ടപ്പോൾ ഉണ്ടാകാതിരുന്ന അപകീർത്തി കുഞ്ഞാലിക്കുട്ടിക്ക് ഇപ്പോൾ എങ്ങനെയുണ്ടായി? സർക്കാരിനും സർക്കാരുമായി ബന്ധപ്പെട്ടവർക്കും അപകീർത്തിയില്ലെന്ന് സള്ളിവൻ കേസിൽ അമേരിക്കൻ സുപ്രീം കോടതിയും നക്കീരൻ കേസിൽ ഇന്ത്യൻ സുപ്രീം കോടതിയും പറഞ്ഞിട്ടുണ്ട്. അപകീർത്തി തോന്നുവർ കോടതിയിൽ പോകണം. അര നൂറ്റാണ്ടുകൊണ്ട് പടുത്തുയർത്തിയ സൽകീർത്തി അരനിമിഷംകൊണ്ട് തകർത്ത അബ്കാരിക്കെതിരെ കോടതിയെ സമീപിക്കാത്ത കെ.എം മാണിയെ എല്ലാവരും മാതൃകയാക്കണമെന്നില്ല. പക്ഷേ ജനാധിപത്യത്തിൻെറ ശ്രീകോവിലുകളിലേക്ക് പൊലീസിനെ കയറഴിച്ച് വിടരുത്. അഭിപ്രായപ്രകടന സ്വാതന്ത്ര്യം പുതിയ ചക്രവാളങ്ങൾ തേടുന്നിടത്ത് പൊലീസിനെന്തു കാര്യം? ആദരവോടെ ഓർക്കുക, മാഗ്നകാർട്ടയുടെ എണ്ണൂറാം വർഷമാണ് 2015. ■